DESPATCHED
02/06/2020

12/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1790(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11741/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ഡോ.ബിജു. പി.,
ബിനു ഭവൻ,
പട: സൗത്ത്,
കരുനാഗപ്പള്ളി, കൊല്ലം - 690 518. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്.
2. അപ്പീൽ അധികാരി & പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16/04/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13/05/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26/06/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/07/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 10/07/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/07/2015, 27/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 06/03/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07/03/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ഡോ. ബിജു എസ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 7, 8, 9 എന്നീ ഇനങ്ങൾ സംബന്ധിച്ച് വ്യക്തമായ ഉത്തരങ്ങൾ ലഭിച്ചിട്ടില്ല എന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കോഴിക്കോട് മെഡിക്കൽ കോളേജിൽ മുഴുവൻ എം.എം.ബി.എസ് സീറ്റുകളുടെ എണ്ണം എത്രയെന്നും

ii. മേൽപ്പടി മെഡിക്കൽ കോളേജിലെ മുഴുവൻ ഗവൺമെന്റ് ക്വോട്ട എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം എത്രയെന്നും

iii. മേൽപ്പടി മെഡിക്കൽ കോളേജിലെ മുഴുവൻ മാനേജമെന്റ് ക്വോട്ട എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം എത്രയെന്നും

iv. മേൽപ്പടി മെഡിക്കൽ കോളേജിലെ മുഴുവൻ എൻ.ആർ.ഐ. എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം എത്രയെന്നും മറ്റുമായി " ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 6 വരെയുള്ള ഇനങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളത് എന്നും 7, 8, 9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമാണെന്നും ആയത് മേൽപ്പടി ഓഫീസിൽ നേരിൽ ഹാജരായി ശേഖരിക്കാവുന്നതാണെന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് 2006 മുതൽ 2014 വരെയുള്ള എം.ബി.ബി.എസ്. അഡ്മിഷൻ സംബന്ധമായ വിവരങ്ങളായിരുന്നു എന്നും അതിൽ 7, 8, 9 എന്നീ ഇനങ്ങൾ ഒഴികെയുള്ളവ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ വ്യക്തമായി നൽകിയിരുന്നു എന്നും മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെങ്കിൽ എം.ബി.ബി.എസ്. അഡ്മിഷൻ സമയത്ത് തയ്യാറാക്കുന്ന വിദ്യാർത്ഥികളുടെ പേര്, പ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്ക് നമ്പർ, പ്രവേശനം ലഭിച്ച ക്വോട്ട, പ്രവേശന തീയതി എന്നിവ ഉൾപ്പെടുത്തിയ ഒരു രജിസ്റ്ററും പിന്നീട് തയ്യാറാക്കുന്ന അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ മതം, ജാതി, മേൽവിലാസം മുതലായ വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയ മറ്റൊരു രജിസ്റ്ററുമാണ് പരിശോധിക്കേണ്ടതെന്നും 2006 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും 250 വീതം വിദ്യാർത്ഥികളാണ് അഡ്മിഷൻ നേടിയത് എന്നും അത്രയും വിദ്യാർത്ഥികളുടെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് വളരെയധികം സമയവും പ്രയത്നവും ആവശ്യമായതിനാലാണ് ഹർജിക്കാരനോട് മേൽപ്പടി വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി ശേഖരിക്കുവാൻ ആവശ്യപ്പെട്ടതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 7, 8, 9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒഴികെ ബാക്കിയുള്ളവ ഹർജിക്കാരന് വ്യക്തമായി നൽകിയിട്ടുള്ളതായി കാണുന്നു. 7, 8, 9 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെങ്കിൽ എതിർകക്ഷി ഓഫീസിലെ മാനവവിഭവശേഷിയെ അനുയോജ്യമല്ലാത്ത വിധത്തിൽ വ്യതിചലിപ്പിക്കേണ്ടി വരുമെന്നും ആയത് മേൽപ്പടി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ അപ്പീൽ

RIGHT TO INFORMATION

ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us